ഉത്തരം

(എ) യും (ബി) യും കോട്ടയം-കട്ടപ്പന റൂട്ട് സ്വകാര്യവൽക്കരിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നു. എന്നാൽ ഇതിനെതിരെ കേരള ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ റൂട്ട് ഡീനാഷണലൈസ് ചെയ്യുന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ലാഭകരമായി നടന്നുവരുന്ന ഒരു സർവ്വീസും നിർത്തലാക്കിയിട്ടില്ല. 2004 മാർച്ച് 1 മുതൽ 4-9-2004 വരെ 119 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. 5-9-2004-ന് ശേഷം സർവ്വീസുകൾ നിർത്തലാക്കിയിട്ടില്ല.

ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്റർ

91 [2128] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്റർ സ്ഥാപിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രകാലത്തിനകമാണ് ഡിജിറ്റൽ മീറ്റർ വയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) ഡിജിറ്റൽ മീറ്റർ സ്ഥാപിക്കുന്നതിനെതിരെ ഗ്രാമീണ മേഖലയിൽ തൊഴിലാളികൾ നടത്തിയിട്ടുള്ള സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗ്രാമീണ മേഖലയിലോടുന്ന ഓട്ടോറിക്ഷകളെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-4-2004 മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ ഓട്ടോറിക്ഷകൾക്കും, 1-4-2004-നു മുമ്പ് രജിസ്റ്റർ ചെയ്ത ഓട്ടോറിക്ഷകൾക്ക് 31-12-2004-ന് ശേഷവും ഡിജിറ്റൽ ഫെയർ മീറ്റർ നിർബന്ധമാക്കി കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ ട്രേഡ് യൂണിയനുകളുമായി 24-1-2005-ൽ ബഹു. ഗതാഗത വകുപ്പു മന്ത്രി നടത്തിയ ചർച്ചയെ തുടർന്ന് 1-4-2004-നു മുമ്പ് രജിസ്റ്റർ ചെയ്ത ഓട്ടോറിക്ഷകൾക്ക് ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ പ്രസ്തുത ഉത്തരവ് ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly